**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഷീ സ്മാർട്ട് കഫെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഷീ സ്മാർട്ട് കഫെ പരിശീലനം പൂർത്തിയാക്കിയവർക്ക് കഫേ നടത്തുന്നതിനുള്ള സൗകര്യങ്ങൾ എവിടെല്ലാമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 1. അംബേദ്കർ ഭവൻ, മണ്ണന്തല<br>2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, നന്ദാവനം<br>3. പൂവച്ചൽ ഗ്രാമപഞ്ചായത്ത്, കാട്ടാക്കട<br>4. മിനി സിവിൽ സ്റ്റേഷൻ, കാട്ടാക്കട |
| (ബി) | കഫേ നടത്തുന്നതിനുള്ള ധനസഹായമായി അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; നിലവിൽ ഓരോ യൂണിറ്റിനും നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇനിയും തുക ലഭിക്കാത്ത യൂണിറ്റുകൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ; | (ബി) | പരിശീലനത്തിനും കഫേ സ്ഥാപിക്കുന്നതിനും ഉൾപ്പെടെ 48 ലക്ഷം രൂപയ്ക്കാണ് പ്രോജക്ട് സമർപ്പിച്ചിരുന്നത്. ഓരോ കഫേ നിർമ്മാണത്തിനും 8,47,458/- രൂപയും(എട്ട് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി നാനൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) 18% GST തുകയായ 1,52,542/- രൂപയും(ഒരു ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) ചേർത്ത് 10 ലക്ഷം രൂപയാണ് ചെലവ്. ടി പദ്ധതി പ്രകാരമുള്ള 48 ലക്ഷം രൂപയും നിർവഹണ ഏജൻസിയായ സ്റ്റേറ്റ് റിസോഴ്സ് സെന്റർ പൂർണ്ണമായും ചിലവഴിച്ചിട്ടുണ്ട് .<br>കഫേ പ്രോജക്ടിന് 28 ലക്ഷം രൂപയാണ് ഇതുവരെ സർക്കാർ അനുവദിച്ചത്. ഇനിയും 20 ലക്ഷം രൂപ കൂടി സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് അനുവദിക്കാനുണ്ട് . പദ്ധതി പ്രകാരം യൂണിറ്റുകൾക്ക് തുക നേരിട്ട് അനുവദിച്ച് നൽകുന്നില്ല . |
| (സി) | നിലവിൽ പട്ടികജാതി വികസന ഡയറക്ടറേറ്റ്, മണ്ണന്തല എന്നിവിടങ്ങളിലെ കഫേ നടത്തിപ്പ് പരിശീലനം പൂർത്തിയാക്കിയ സ്ത്രീകൾക്കാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സ്ത്രീകൾക്കാണ് കഫേ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ